ആസ്വാദനം

മജീദ് കുട്ടമ്പൂർ

# റസൂൽ: ആത്മീയതയുടെ ഗസൽമഴ

**അഫ്സൽ**, അൻസാർ, ഇസ്മാഈൽ, നഹ്‌ല എന്നിവർ ശബ്ദം നൽകി പ്രവാചക സ്മൃതികളുണർത്തുന്ന പത്തോളം ഗസൽ ഗാനങ്ങളുമായി *റസൂൽ* എന്ന ഗാനസമാഹാരം തനിമ കലാസാഹിത്യവേദി അനുവാചകർക്കായി വീണ്ടും പുറത്തിറക്കിയിരിക്കുന്നു. വികലമായ രചനകളും അരോചകമായ ഈണങ്ങളും ഇക്കിളിപ്പാട്ടുകളും തനിമ നഷ്ടപ്പെടുത്തിയ മാപ്പിളപ്പാട്ട്, ഗസൽ ശാഖകൾക്ക് *റസൂൽ* നവ്യാനുഭൂതി പകരുന്നു.

തൗഹീദിന്റെ സന്ദേശവുമായി പ്രവാചകൻ ആഗതമാകുന്ന, *തമോനിബിഡമാം അറേബ്യ തൻ ഹൃദയത്തിൽ....* എന്ന ഗാനത്തോടെയാണ് ഗസൽ ആരംഭിക്കുന്നത്. പിതാവും മാതാവും പിതാമഹനും നഷ്ടപ്പെട്ട ഒരനാഥ ബാലന്റെ ആകുലതകളും നൊമ്പരങ്ങളും പ്രതിഫലിപ്പിക്കുന്നു, *യതീമിൻ കൈപിടിക്കാൻ പിറന്ന മുത്തേ..* എന്ന ഗാനം. ഒരിടയനായി കഴിയുമ്പോഴും മനുഷ്യനെ അവന്റെ ദുഃഖങ്ങളിൽനിന്ന് എങ്ങനെ മോചിപ്പിക്കാമെന്ന ചിന്തയിൽ പ്രാപഞ്ചികയാഥാർഥ്യത്തിന്റെ പൊരുളന്വേഷിക്കുന്ന പ്രവാചകനുമുമ്പിൽ സ്വർഗീയ കവാടങ്ങൾ തുറക്കപ്പെടുന്ന ആത്മീയാനുഭവവുമായി *ഇലാഹീ നിന്നെയറിയുന്നീ വിജനതയിൽ....*, ജിബ്‌രീൽ പ്രത്യക്ഷപ്പെടുന്ന മുഹൂർത്തത്തെ അനശ്വരമാക്കുന്ന *ജബലുന്നൂറിലെ ഗിരിസാനുക്കളിൽ....* എന്നീ ഗാനങ്ങളിലെ വരികൾ ശ്രോതാക്കൾക്ക് മറക്കാനാവില്ല. മനുഷ്യരാശിക്ക് മാർഗദർശനവും വിമോചനത്തിന്റെ കൊടുങ്കാറ്റുമായി റമദാനിൽ വിശുദ്ധ ഖുർആൻ അവതരിപ്പിക്കുമ്പോഴുള്ള *ഉടക്കുവിൻ എറിഞ്ഞുടക്കുവിൻ.....* എന്ന സമരഗാനവും ശ്രദ്ധേയമാണ്.

പ്രവാചകനെ പ്രമാണിവർഗം അപായപ്പെടുത്താൻ ശ്രമിച്ചപ്പോൾ ദൗത്യനിർവഹണത്തിനായി മക്കയോട് വേദനയോടെ വിടപറയുന്ന *മക്കാനഗരമേ കരയൂ.....* എന്ന മനോഹരമായ ഗസലിന്റെ ആർദ്രതയും ഒഴുക്കും മനസ്സിൽ മായാതെ കിടക്കും. അഖബാ ഉടമ്പടിയെത്തുടർന്ന് യസ്‌രിബിൽ ഒട്ടകപ്പുറത്ത് ആഗതനാകുന്ന ആത്മീയ നേതാവിനെ മദീനാവാസികൾ ആഹ്ലാദപൂർവം സ്വാഗതം ചെയ്യുന്ന *അന്ത്യപ്രവാചകാ സലാം അലൈക്കും.....* വീണ്ടും കേൾക്കാൻ ഇഷ്ടപ്പെടുന്നതാണ്. അർഥപൂർണമായ വരികളും ശ്രുതിമധുരമായ സംഗീതവും ഗസലിന്റെ വൈവിധ്യമാർന്ന ആലാപനശൈലിയുമാണ് *റസൂലി*നെ അനന്യമാക്കുന്നത്. ജമാൽ കൊച്ചങ്ങാടിയുടേതാണ് മനോഹരമായ വരികൾ. പാശ്ചാത്യ സംഗീതത്തിന്റെ ബഹളം ഇതിനെ വികൃതമാക്കിയിട്ടില്ലെന്നത് ഏറെ ആശ്വാസകരമാണ്. കേൾവിക്കാരന് പ്രവാചക സ്മൃതി ഒരനുഭവമാക്കി മാറ്റാൻ ഈ ഗസൽ ഗാനങ്ങൾക്ക് സാധിക്കും. ■